# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1808
## 04.05.2017- ലെ മറുപടിക്ക്

### ആലത്തൂർ മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട്

| ചോദ്യം<br>**ശ്രീ.കെ.ഡി. പ്രസേനൻ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ) ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ; | ഇതിൽ കുഴൽമന്ദം- പുളിൻതൊടികളത്തിൽ റോഡിലുള്ള തോടിന് കുറുകെ പാലവും അപ്രോച്ച് റോഡും നിർമ്മാണം (35 ലക്ഷം രൂപ), കുഴൽമന്ദം- കുറുക്കൻതൊടിക റോഡ് (15 ലക്ഷം രൂപ), കുഴൽമന്ദം- ഇരുപ്പക്കാട്- കോതോട് റോഡ്(15 ലക്ഷം രൂപ) എന്നീ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്കുള്ള ഭരണാനുമതി പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമയക്രമം നിർദ്ദേശിച്ചുകൊണ്ട് 22.07.2015 തീയതിയിലെ നം.67/2015/ധന സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. നടപ്പ് സാമ്പത്തിക വർഷം ലഭ്യമായ ശുപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

**ആലത്തൂർ മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) രൂപ |
|---|---|---|
| 1 | മേലാർകോട് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 20.00 |
| 2 | കുഴൽമന്ദം - പുളിൻതൊടികളത്തിൽ റോഡിലുള്ള തോടിന് കുറുകെ പാലവും അപ്രോച്ച് റോഡ് നിർമ്മാണവും - കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 35.00 |
| 3 | കുഴൽമന്ദം - കുറുക്കൻ തൊടിക റോഡ്-കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 15.00 |
| 4 | കുഴൽമന്ദം - ഇരുപ്പക്കാട്-കോതോട് റോഡ്-കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 15.00 |
| 5 | എരിമയൂർ ചുള്ളിമട കുടിവെള്ള പദ്ധതി ഗ്യാലറിയും പമ്പ് ഹൗസും അനുബന്ധ പൈപ്പ് ലൈനും സ്ഥാപിക്കൽ - ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 50.00 |
| 6 | കുനിശ്ശേരി പനയമ്പാറ പാലം നിർമ്മാണം - ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 20.00 |
| 7 | ആലത്തൂർ പഞ്ചായത്ത് GMLPS കെട്ടിടം | 45.00 |
| 8 | ആലത്തൂർ പഞ്ചായത്ത് ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയം & സ്റ്റേജ് | 20.00 |
| 9 | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം | 75.00 |
| 10 | തേങ്കുറിശ്ശി പഞ്ചായത്ത് ഓഡിറ്റോറിയം | 60.00 |
| 11 | മേലാർകോട് പഞ്ചായത്ത് കവലോട് റോഡ് പ്രവൃത്തി | 40.00 |
| 12 | വണ്ടാഴി പഞ്ചായത്ത് ഓഡിറ്റോറിയം വിപുലീകരണ പ്രവൃത്തികൾ | 50.00 |
| 13 | വണ്ടാഴി പഞ്ചായത്ത് വില്ലുന്നാംപരിത റോഡ് നിർമ്മാണം | 25.00 |
| 14 | വിവിധ പഞ്ചായത്തുകളിൽ ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മാണം | 30.00 |
| | ആകെ തുക | 500 |

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

നമ്പർ 67/2015/ധന. *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

### സർക്കുലർ

വിഷയം: —ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: — (1) 11-6-2012-ലെ സ.ഉ(പി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗമില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി രേഖകൾ (Detailed Project Rcport) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണ വകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

ഡോ. കെ. എം. എബ്രഹാം,
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

880